## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : വി.ഗോപിനാഥൻ

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.പി. അനിൽകുമാറിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനകയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :

1. 30..05..2013-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 205/13/വനം നമ്പർ ഉത്തരവ്.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27.06.2013-ലെ ഡി1-21705/10 നമ്പർ കത്ത്.
3. 23..08..2013-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 307/13/വനം നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ- ഡി1- 21705/2010 തീയതി: 29..08..2013

മൂന്നാർ ഡിവിഷനിലെ പൊൻമുടി സെക്ഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ എഫ്.റ്റി.ആർ. ക്വാട്ടയിൽ 2006-07-ലെ റെയിഞ്ചർ കോഴ്സിലേക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയിൽ വിജയിക്കുകയും, ശാരീരിക യോഗ്യതാ പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്ത ശ്രീ.പി.പി.അനിൽ കുമാറിന് കേരള സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 39 പ്രകാരവും കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ലെ ചട്ടം 3 (iii) (a) പ്രകാരവും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകുന്നതിന് സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ലെ ചട്ടം 3 (iii) (a) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി തസ്തികമാറ്റംവഴി നിയമനം നൽകുന്നതിന് കേന്ദ്ര സർക്കാർ നടത്തുന്ന ഏതെങ്കിലും ഫോറസ്റ്റ് കോളേജിൽ 18 മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിന് നിയോഗിക്കേണ്ടതും, അതിനുശേഷം 12 മാസത്തെ പ്രായോഗിക പരിശീലനത്തിനായി നിയോഗിക്കേണ്ടതുമാണ്. ശ്രീ.പി.പി അനിൽകുമാറിന് മേൽ പ്രകാരമുള്ള രണ്ടുവർഷത്തെ പരിശീലന

ത്തിനുശേഷം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കാൻ 4 $^1/_2$ വർഷത്തിൽ താഴെമാത്രമെ അവസരം ലഭിക്കുകയുള്ളു എന്ന സാഹചര്യം കണക്കിലെടുത്ത് ടിയാനെ പരിശീലനത്തിന് നിയോഗിക്കാതെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകണമെന്ന് സൂചന (2) പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തു. സർക്കാർ പ്രസ്തുത വസ്തുതകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രസ്താപിച്ച പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.പി. അനിൽകുമാറിനെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടങ്ങൾ പ്രകാരമുള്ള പരിശീലനത്തിനു നിയോഗിക്കാതെ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കേരള സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 39 പ്രയോഗിച്ച് സ്പെഷ്യൽ റൂൾസിലെ ട്രെയിനിംഗ് വ്യവസ്ഥയിൽ ഇളവ് വരുത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകുന്നതിന് സൂചന (3) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.പി. അനിൽകുമാറിനെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ലെ ചട്ടം 3 പ്രകാരം നിഷ്ക്കർഷിച്ച വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി നിയമനം നൽകികൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡനായ വി. ഗോപിനാഥൻ എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ്ലൈഫ്) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ.

To

1. ശ്രീ.പി.പി. അനിൽകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക്. കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന നൽകുന്നു.
2. കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.പി. അനിൽകുമാറിന് നൽകി കൈപ്പറ്റ് അടിയന്തിരമായി അയച്ചുതരേണ്ടതാണ്.

പകർപ്പ്:-

1. PA to പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. PA to പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ.
3. PA to പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)
4. PA to പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി.ഡി.എഫ്.എം)
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
6. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) പ്രസ്തുത ഉത്തരവ് വെബ് സൈറ്റിൽ upload ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.
7. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ഫോറസ്റ്റ് കൺസർവേറ്റർ.
8. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
9. സ്റ്റോക്ക് ഫയൽ.